# പുത്തൻ പ്രതീക്ഷകളുമായി പുതിയ നാളികേര സീസൺ വരവായി

പുതിയ നാളികേര സീസൺ സജീവമാകുന്നതോടെ വിപണിയിലും കർഷകന്റെ മനസ്സിലും പുത്തൻ പ്രതീക്ഷയുടെ നാമ്പുകൾ തളിരിട്ടു തുടങ്ങി. വലിയ തോതിലുള്ള ചരക്കു നീക്കം തുടങ്ങാത്തതിനാൽ വില ഉയർന്നു തന്നെയാണു നില്ക്കുന്നത്.

നാളികേരത്തിന്റെ വില മുഖ്യമായും ഉത്പാദനത്തിലുള്ള വ്യതിയാനം, ആഗോള തലത്തിലുള്ള ആവശ്യകത, വിതരണം, മറ്റു ഭക്ഷ്യ എണ്ണകളുടെ വില, ലഭ്യത എന്നീ ഘടകങ്ങളെ ആശ്രയിച്ചാണു രൂപപ്പെടുന്നത്. ആഭ്യന്തര വിപണിയിൽ എത്തുന്ന നാളികേരത്തിന്റെയും കൊപ്രയുടെയും അളവു ഫെബ്രുവരി മുതൽ ജൂൺ മാസം വരെ കൂടിയും, സെപ്റ്റംബർ മുതൽ ഡിസംബർ വരെ പൊതുവെ കുറഞ്ഞും കാണപ്പെടുന്നു. തന്മൂലം ഫെബ്രുവരി-ജൂൺ മാസങ്ങളിൽ വിലയിൽ സമ്മർദ്ധം കൂടിയ സമയമാണു. സെപ്റ്റംബർ-ഡിസംബർ മാസങ്ങളാകുമ്പോഴേക്കും വിപണി, സീസണിൽ രൂപപ്പെടുന്ന അടിയൊഴുക്കുകൾ മനസ്സിലാക്കി മാർക്കറ്റ് ക്രമീകരിക്കുകയും തന്മൂലം വിലയിൽ സമ്മർദ്ദം കുറഞ്ഞും കാണപ്പെടുന്നു. സെപ്റ്റംബർ-ഡിസംബർ കാലയളവിൽ നാളികേര വിപണിയിൽ കരടി സ്വഭാവം ഏറിയും കാണപ്പെടുന്നു.

ഉപഭോക്തൃ രീതികളെ കുറിച്ചുള്ള നിരീക്ഷണം സൂചിപ്പിക്കുന്നത് കേരളത്തിലെ ഗാർഹിക ഉപഭോക്താക്കളിൽ ഏകദേശം 45 ശതമാനം മാത്രമേ ഇപ്പോൾ പാചകാവശ്യത്തിനായി വെളിച്ചെണ്ണ ഉപയോഗിക്കുന്നുള്ളൂ എന്നാണു. ഹോട്ടൽ, ബേക്കറി, റസ്റ്റോറന്റ് മേഖലകളിൽ പാചകാവശ്യത്തിനായി താരതമ്യേന വില കുറവുള്ള പാമോയിൽ വ്യാപകമായി കഴിഞ്ഞു. വെളിച്ചെണ്ണയുടെ വില കിലോയ്ക്ക് 45 രൂപയിൽ താഴെ വരുന്ന സമയങ്ങളിൽ മാത്രമേ ഇടത്തരക്കാരായിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾ പാമോയിലിന്റെ ഉപയോഗത്തിൽനിന്നു വെളിച്ചെണ്ണയിലേക്കു തിരിയുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നുള്ളൂ.. തന്മൂലം വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഡിമാന്റ് തന്നെയാണു വെളിച്ചെണ്ണയുടെ വിലയും തദ്വാരാ കൊപ്രയുടെയും നാളികേരത്തിന്റെയും വിലയെ കാലികമായി സ്വാധീനിക്കുന്ന ഒരു സുപ്രധാന ഘടകം.

ഇത്തരം സാഹചര്യത്തിലാണു കേരള കാർഷിക സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റല്ലിജെൻസ് സെന്റർ തൃശ്ശൂർ വിപണിയിൽ കഴിഞ്ഞ പത്തു വർഷത്തെ പൊതിച്ച നാളികേരത്തിന്റെ (വെട്ടിത്തൂക്കം) വില അടിസ്ഥാനമാക്കി പഠനം നടത്തിയത്. പ്രസ്തുത അപഗ്രഥനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ചിത്രം പൊതിച്ച നാളികേരത്തിന്റെ (വെട്ടിത്തൂക്കം) വിലയിൽ കാര്യമായ വ്യതിയാനം പ്രതീക്ഷിക്കേണ്ട എന്നാണു.

പട്ടിക 1. പൊതിച്ച നാളികേരവിലയിലെ പ്രവണതകൾ

| കമ്മോഡിറ്റി | മാസം | പ്രവചന വില (Rs/Kg) |
|---|---|---|
| പൊതിച്ച നാളികേരം | ഫെബ്രുവരി 2010 | 12.50 -13.00 |
| | മാർച്ച് 2010 | 10.50 -12.50 |
| | ഏപ്രിൽ 2010 | 9.50 -12.00 |

സീസണിന്റെ തുടക്കത്തിൽ കാണുന്ന ഉയർന്ന വില, വിപണിയിൽ വൻതോതിൽ നാളികേരം, കൊപ്ര എന്നിവയുടെ സ്റ്റോക്കുകൾ എത്തുന്നതോടെ സമ്മർദ്ദത്തിലാകുവാനുള്ള സാദ്ധ്യത കണക്കിലെടുത്ത് കേര കർഷകർ വില്പന ക്രമീകരിക്കുന്നതാണ് കൂടുതൽ അഭികാമ്യം എന്ന പ്രസ്തുത പഠനം സൂചിപ്പിക്കുന്നു.




